**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1755** **04-02-2026 - ൽ മറുപടിയ്ക്ക്**

**വികസിത് ഭാരത് ശിക്ഷാ അധിസ്ഥാൻ ബില്ലിലെ വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വികസിത് ഭാരത് ശിക്ഷാ അധിസ്ഥാൻ ബില്ലിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | UGC, AICTE, NCTE തുടങ്ങിയ സ്ഥാപനങ്ങൾ ലയിപ്പിച്ച് കൊണ്ട് രൂപീകരിക്കുന്ന ഏകീകൃത സംവിധാനമാണ് വികസിത് ഭാരത് ശിക്ഷാ അധിസ്ഥാൻ . VBSA നിലവിൽ വരുന്നതോടെ ഉന്നത വിദ്യാഭ്യാസം കൂടുതൽ കേന്ദ്ര നിയന്ത്രണത്തിലാകാൻ സാധ്യതയുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ അധികവും സ്വയംഭരണ സ്ഥാപനങ്ങൾ ആകുന്നതോടെ ചെറിയ കോളേജുകൾക്ക് നിലനിൽക്കാൻ കഴിയാതെ വരും. ഈ നിയമം വഴി സ്ഥാപിക്കപ്പെടുന്ന കൗൺസിലുകളിൽ സംസ്ഥാന പ്രതിനിധികളുടെയും അക്കാദമിക് വിദഗ്ധരുടെയും പ്രാതിനിധ്യം വളരെ പരിമിതമാണ്. ഇത് സംസ്ഥാനങ്ങൾക്ക് സംസ്ഥാന സർവ്വകലാശാലകളുടെ മേലുള്ള പരിമിതമായ നിയന്ത്രണവും ഇല്ലാതെയാകാൻ കാരണമാകും.<br><br>വികസിത് ഭാരത് ശിക്ഷാ അധിസ്ഥാൻ ബിൽ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 'VBSA ബിൽ, 2025 ഉണ്ടാക്കുന്ന പ്രതിഫലനങ്ങൾ ' എന്ന വിഷയത്തിൽ 20.01.2026 ന് തിരുവനന്തപുരത്ത് വച്ച് സർവകലാശാല/കോളേജ് അദ്ധ്യാപകർ, ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ സംഘടനകൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന സെമിനാർ സംഘടിപ്പിച്ചിരുന്നു.<br><br>പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന പഠന റിപ്പോർട്ടിന്റേയും സെമിനാറിലെ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂർണമായും കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ നിയന്ത്രണത്തിന് വിധേയമാകുന്ന രീതിയിലുള്ള വ്യവസ്ഥകളോട് സംസ്ഥാന സർക്കാർ വിയോജിപ്പ് അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (ബി) | UGC, AICTE, NCTE തുടങ്ങിയ സ്ഥാപനങ്ങൾ ലയിപ്പിച്ച് കൊണ്ട് രൂപീകരിക്കുന്ന ഏകീകൃത സംവിധാനമാണ് വികസിത് ഭാരത് ശിക്ഷാ അധിസ്ഥാൻ . VBSA നിലവിൽ വരുന്നതോടെ ഉന്നത വിദ്യാഭ്യാസം കൂടുതൽ കേന്ദ്ര നിയന്ത്രണത്തിലാകാൻ സാധ്യതയുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ അധികവും സ്വയംഭരണ സ്ഥാപനങ്ങൾ ആകുന്നതോടെ ചെറിയ കോളേജുകൾക്ക് നിലനിൽക്കാൻ കഴിയാതെ വരും. ഈ നിയമം വഴി സ്ഥാപിക്കപ്പെടുന്ന കൗൺസിലുകളിൽ സംസ്ഥാന പ്രതിനിധികളുടെയും അക്കാദമിക് വിദഗ്ധരുടെയും പ്രാതിനിധ്യം വളരെ പരിമിതമാണ്. ഇത് സംസ്ഥാനങ്ങൾക്ക് സംസ്ഥാന സർവ്വകലാശാലകളുടെ മേലുള്ള പരിമിതമായ നിയന്ത്രണവും ഇല്ലാതെയാകാൻ കാരണമാകും.<br><br>വികസിത് ഭാരത് ശിക്ഷാ അധിസ്ഥാൻ ബിൽ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ‘VBSA ബിൽ, 2025 ഉണ്ടാക്കുന്ന പ്രതിഫലനങ്ങൾ ‘ എന്ന വിഷയത്തിൽ 20.01.2026 ന് തിരുവനന്തപുരത്ത് വച്ച് സർവകലാശാല/കോളേജ് അദ്ധ്യാപകർ, ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ സംഘടനകൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന സെമിനാർ സംഘടിപ്പിച്ചിരുന്നു.<br><br>പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന പഠന റിപ്പോർട്ടിന്റേയും സെമിനാറിലെ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ